a success or not. To spend money in this manner, without considering all aspects of the question is very bad policy indeed. I am at a loss to understand why our Government pursue an isolated policy in these matters, which are being considered on an all-India basis.

This Mill, it has been stated, is established at Shencottah. Were there sufficient grounds for locating it at Shencottah? Is it on account of the availability of raw material or power or marketing facilities that the Mill is started at Shencottah? When there is no over-all plan and when Government are bound to encourage the handloom industry in the future set-up, it is quite irresponsible for this Government to take shares to the extent of five lakhs. The commitment is not going to stop there. Current will have to be supplied at a cheap rate. When we are in need of power for developing our cottage industries and for agricultural purposes, there is no meaning in supplying current to a Mill. Therefore, whether we view it from the point of view of necessity or from the point of our financial position, this step is uncalled for and is waste of public money. I request that Government should realise that at least hereafter tax-payers' money should not be squandered in an irresponsible way merely to oblige the whims and fancies of certain individuals and without any idea of the interests of the country at large. With these words, I oppose this.

ശ്രീ. എൻ. കുഞ്ഞുരാമൻ: സർ, മി. കെ. പി. നീലകണ്ഠപിള്ളയുടെ വാദഗതിയെ ഞാൻ എതിർക്കുന്നു. കാരണം ചെങ്കോട്ടയിലാണു് ഈ മിൽ സ്ഥാപിച്ചിരിക്കുന്നതെന്നും ആ മില്ലിൽനിന്നും വേണ്ടത്ര ഗുണങ്ങൾ പൊതുജനങ്ങൾക്കു് ഉണ്ടാകാൻ സാദ്ധ്യമല്ലെന്നും അതിലേക്കു് ഇപ്പോൾ അനുവദിക്കാൻ ആവശ്യപ്പെട്ടിരിക്കുന്ന 5 ലക്ഷം രൂപ നീതിരഹിതമായ ഒരു കാൺടിബ്യൂഷനാണെന്നും ചെങ്കോട്ട ആ മിൽ സ്ഥാപിക്കുന്നതിനു പകരം മറ്റു വല്ല സ്ഥലങ്ങളിലും സ്ഥാപിച്ചിരുന്നുവെങ്കിൽ കൂടുതൽ ഉപകാരപ്രദമാകുമായിരുന്നു എന്നും മറ്റും ഉള്ള അഭിപ്രായത്തിന്റെ വാദഗതിക്കു് എനിക്കു പറയാനുള്ളതെന്തെന്നാൽ ഒരു മില്ലു് സ്ഥാപനത്തിനു് ചില പരിതഃസ്ഥിതികളെ നോക്കേണ്ടതുണ്ടു്. അതുകൂടാതെ അതിലേക്കാവശ്യമുള്ള അസംസ്കൃതസാധനവും എലക്ട്രിസിറ്റിയും ധാരാളമായി കിട്ടുന്നതിനു സാദ്ധ്യതയുള്ള ചുറ്റുപാടിലായിരിക്കണം മില്ലുകൾ സ്ഥാപിക്കേണ്ടതു്. എന്നാൽ ഈ ബി. ആർ. വി. മിൽ സ്ഥാപിച്ചിരിക്കുന്ന ചെങ്കോട്ട ഈ പറഞ്ഞ സകല സൗകര്യങ്ങളും ഉള്ള ഒരു സ്ഥലമാണു്. പഞ്ഞി അവിടെ ധാരാളം കിട്ടും. എ. ടി. കാട്ടൻമില്ലുകാർക്കു് അനുവദിച്ചിരിക്കുന്ന സൗജന്യനിരക്കിൽ ഏലക്ട്രിസിറ്റി കിട്ടും. ശ്രീമാൻ നീലകണ്ഠപിള്ള പറയുന്നതുപോലെ ഒരു കമ്മിറ്റ്മെന്റു് ഉണ്ടായിരുന്നാൽത്തന്നെയും ഗവണ്മെന്റിൽനിന്നും മറ്റുകാര്യങ്ങളെപ്പറ്റിയെല്ലാം മതിയായ അന്വേഷണം നടത്തുന്നുണ്ടു്. ആസംഗതിക്കു ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കണമെന്നു് അപേക്ഷിച്ചുകൊള്ളുന്നു.

Mr. Speaker: The question is:

"That a sum of Rs. 4 lakhs granted under Debt Head III D. Suspense (c) Surplus Investment account (ii) Special Deposits and shares in Industrial Development concerns".

The demand was passed and the grant was made

Debt Head IV—Loans

Sri. N. Kunjuraman: Sir, I move for a Supplementary Grant of Rs. 10 lakhs under "Debt Head IV-Loans (a) Loan to Fertilisers and Chemcials" in the budget for 1125 M. E.

സർ, തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തിലെ മേണാംസൈറ പ്രോസസ്സു ചെയ്യുന്നതിനുവേണ്ടി ഒരു ഫാക്ടറി ആലുവായിൽ സ്ഥാപിക്കുവാൻ പോകുന്നകാര്യം ഇതിനകം ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങൾ അറിഞ്ഞിരിക്കുമെന്നു വിശ്വസിക്കുന്നു. അതിനാവശ്യമായ കെമിക്കൽസിനുള്ള ഇൻഡസ്ട്രീസും അതിനടുത്തുതന്നെ തുടങ്ങേണ്ടതു ആവശ്യമാണു്. അതിലൊന്നാണു് കാസ്റ്റിക്സോഡാ പ്ലാന്റു്. അതിനുള്ള സൌകര്യം ആലുവായിലുണ്ടു്. ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസിനോടനുബന്ധിച്ചു് ഇതു ഒരു വ്യവസായമായി അവിടെ ആരംഭിക്കുന്നതു പല വിധത്തിലും ചെലവു കുറയുമെന്നും സൗകര്യം കൂടുമെന്നും ഗവണ്മെന്റിനു തോന്നിയതു കൊണ്ടാണു് ഈ കാസ്റ്റിക് സോഡാ പ്ലാന്റു് ആലുവായിൽതന്നെ വേണമെന്നു നിശ്ചയിച്ചതു്. ഏറ്റവും എളുപ്പത്തിൽ ഈ വ്യവസായം തുടങ്ങേണ്ടതു ആവശ്യമാണു്. പ്രത്യേകിച്ചും ഈ കമ്പനി ഫ്ളോട്ടു ചെയ്യുന്നതിനു ശേഷം തുടങ്ങുക എന്നുവച്ചാൽ, കാലതാമസം നേരിടുമെന്നുവച്ചു് ഉടൻതന്നെ പത്തുലക്ഷം രൂപാ ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസിന്റെ ആസ്തികളിൽ ചുമത്തി കടംകൊ

LIBRARY ARCHIVES Kerala Legislative Assembly

[Sri. N. Kunjuraman]

ടുക്കുവാനാണ് ഗവണ്മെണ്ടു നിശ്ചയിച്ചിരിക്കുന്നതു്. ഈ കടത്തിനു നാലരശതമാനം പലിശയും ഈടാക്കുന്നതാണ്. അതുകൊണ്ടു് ഈ ധനാഭ്യർത്ഥന ഈ സഭ അനുവദിക്കണമെന്നു പേക്ഷിക്കുന്നു.

Sri. A. Thanu Pillai: May I know whether the Government have not yet begun to get any returns for their investment in their investment in the Fertilisers and Chemicals?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇല്ല. ഡിവിഡൻറ് ഒന്നും കിട്ടിത്തുടങ്ങിയില്ല. കഴിഞ്ഞ വർഷംവരെയും പ്രവർത്തനം നഷ്ടമാണെന്നാണ് കണക്കുകൊണ്ടുകാണുന്നതു്. എന്നാൽ ഇക്കൊല്ലം ആദായം കിട്ടുമെന്നു വിചാരിക്കുന്നു. ആദായകരമായി പ്രവർത്തിക്കുവാനും അങ്ങനെ ഡിവിഡൻറ് കിട്ടുവാനുള്ള പരിതഃസ്ഥിതിയിലേക്കു കമ്പനി തരിച്ചുകൊണ്ടിരിക്കുകയാണു്.

Sri. A. Thanu Pillai: May I know the nature of the shares taken by Government in that company?

Sri. N. Kunjuraman: Rs. 2,17,50,000.

Sri. A. Thanu Pillai: May I know the share capital collected otherwise than from Travancore?

Sri. N. Kunjuraman: Rs. 1,10,00,000.

ശ്രീ. കെ. എ. മഹമ്മദ്: ഈ ഷെയർ ക്യാപിറ്റൽ 1 ലക്ഷം രൂപാ കടമായി കൊടുത്തതു മുഴുക്കം ഷെയറായി മാറിയതുംകൂടി ചേർത്താണോ, ഈ തുക?

ശ്രീ. എൻ. കുഞ്ഞുരാമൻ: രണ്ടുംകൂടി ചേർത്താൽ ഏകദേശം രണ്ടരക്കോടി രൂപയോളംവരും.

Sri. K. P. Nilakanta Pillai: May I know whether the monazite factory has been started?
Sri. N. Kunjuraman: It will be started at Alwaye.
Sri. K. P. Nilakanta Pillai: When and where Sir?

ശ്രീ. എൻ. കുഞ്ഞുരാമൻ: മോണോസൈറ്റ് ഫാക്ടറി ആലുവായിൽ തുടങ്ങുമെന്നുള്ളതു നിശ്ചയമാണ്. ഉടനെതന്നെ തുടങ്ങുകയും ചെയ്യും എന്നാൽ.....

Sri P. T. Chacko: May I know whether it has already been installed?
Sri. N. Kunjuraman: No, it is going to be installed.
Sri. K. P. Nilakanta Pillai: What is the urgent necessity for this demand if the monazite factory is not started?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതിനാവശ്യമായ മിഷ്യനറിവേണം. അതിനുള്ള തുക ഉടനടി ചെയ്യണം.

Sri. K. P. Nilakanta Pillai: May I know what exactly is intended to be done with this amount now?

Sri. N. Kunjuraman: Brine building, silt building, rectifier building, acid and CL 2 disposal building, godown storage ഇങ്ങനെയുള്ള ഐറ്റങ്ങൾക്കുവേണ്ടി ചെലവാക്കാനാണ്.

ശ്രീ. പി. ടി. ചാക്കോ: കാസ്റ്റിക് സോഡാ നിർമ്മാണത്തിനായി ഫെർട്ടിലൈസേഴ്സ് ആൻറ് കെമിക്കൽസു കമ്പനിയും മേട്ടൂർ കെമിക്കൽസു കമ്പനിയും ഇൻഡ്യാഗവൺമെണ്ടും തമ്മിൽ ചേർന്നു് ഒരു എഗ്രിമെണ്ടു് ഉണ്ടായിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഈ രണ്ടു കമ്പനികളും മദ്രാസുഗവൺമെണ്ടുംകൂടി ചേർന്നായിരിക്കും ഫാക്ടറി നടത്തുന്നതു്. രണ്ടു കമ്പനി എന്നു പറയുന്നതു വാസ്തവത്തിൽ ഒരു കമ്പനിയായിരിക്കും.

ശ്രീ. പി. ടി. ചാക്കോ: ആ ഫാക്ടറി തുടങ്ങുന്നതു് അല്ലെങ്കിൽ നടത്തിക്കൊണ്ടുപോകുന്നതു മുതലായിരിക്കും?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഫെർട്ടിലൈസേഴ്സ് ആൻറ് കെമിക്കൽസു കമ്പനിയായിരിക്കും.

ശ്രീ. പി. ടി. ചാക്കോ: അവരുടെ എഗ്രിമെൻറ് ബഹുമാനപ്പെട്ട മന്ത്രി കണ്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കുഞ്ഞുരാമൻ: ഉണ്ട്.

ശ്രീ. പി. റ്റി. ചാക്കോ: മേട്ടൂർ കെമിക്കൽസു കമ്പനി ഇപ്പോൾ നിലവിലിരിക്കുകയാണോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: കമ്പനി ഡിസാൾവു ചെയ്യാൻ അടുത്തതന്നെ ബോർഡു മീറ്റിംഗു കൂടുന്നതാണു്.

ശ്രീ. പി റ്റി. ചാക്കോ: കമ്പനി ഡിസാൾവു ചെയ്യുന്നതിനു മുൻപു്, പണം കടം കൊടുക്കുന്നതു ശരിയാണോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: മി. ശേഷശായിതന്നെയാണു് ആ കമ്പനിയുടേയും മാനേജ്മെൻറു നടത്തുന്നതു്. ഡിസാൾവുചെയ്യുമെന്നുള്ള ഉറപ്പിന്മേലാണു് പണം കടം കൊടുക്കുന്നതു്.

Sri. K. P. Nilakanta Pillai: May I know whether work is to be started before the expiry of this financial year? Are we to understand that even before the expiry of this year, the amount is to be spent there?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതു കൊടുക്കേണ്ടിവരും. മിക്കവാറും മിഷ്യനറിക്കും ആവശ്യമുള്ള മറ്റു മെറ്റീരിയൽസിനും മറ്റുമാണു് ഈ പണം ആവശ്യപ്പെട്ടിരിക്കുന്നതു്.

Sri. K. P. Nilakanta Pillai: May I know, how, in view of the statement of the Hon'ble Finance Minister that "Government have decided to encourage the starting of a few major industries in the course of the next year", this demand is justified now when provision is made in the next year's budget?

ശ്രീ. എൻ. കുഞ്ഞുരാമൻ: കാസ്റ്റിക്സോഡാ പ്ലാൻറിനെ സംബന്ധിച്ചിടത്തോളം ബഡ്ജറ്റിൽ പ്രൊവിഷൻ ഒന്നും വച്ചിട്ടില്ല. ഈ ഫാക്ടറിയുടെ പ്രവർത്തനത്തെയും മറ്റും പറ്റി കുത്തിടപാടുകൾ നടന്നതുതന്നെ കഴിഞ്ഞ ബഡ്ജറ്റു പാസായതിനുശേഷമാണു്. അതുകൊണ്ടാണു് ഇപ്പോൾ സപ്ലിമെൻററി ഗ്രാൻറു കൊണ്ടുവന്നിട്ടുള്ളതു്.

Sri. K. P. Nilakanta Pillai: Am I right in thinking that because the factory is not able to find money for its working, Government are rushing to their help?

ശ്രീ. എൻ. കുഞ്ഞുരാമൻ. അതു തീരെ ശരിയല്ല. ഇതു ഒരു പ്രത്യേകകാര്യത്തിനുവേണ്ടി കൊടുക്കുന്നതാണു്.

Sri. A. Thanu Pillai: May I know whether any money has already been invested on account of the caustic soda plant?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇല്ല.

Sri. A. Thanu Pillai: May I know whether the Fertilisers and Chemicals have invested any money on account of the caustic soda plants?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഈ വകയ്ക്കായി അവർ 61 ലക്ഷം രൂപാ ഇൻവെസ്റ്റു് ചെയ്തിട്ടുണ്ടു്.

Sri. A. Thanu Pillai: May I know how they are going to make up the entire amount of Rs. 60 lakhs required for the caustic soda plant?

ശ്രീ. എൻ. കുഞ്ഞുരാമൻ: പത്തുലക്ഷം രൂപാ മേട്ടൂർ കെമിക്കൽസിനുള്ളതുകൂടി ഇതിലേക്കു വരുന്നുണ്ടു്. അതുകഴിഞ്ഞു ബാക്കിയുള്ളതിനു മദ്രാസുഗവൺമെണ്ടും ഈ ഗവൺമെണ്ടും കൂടി സഹായിക്കുവാനാണു് നിശ്ചയിച്ചിരിക്കുന്നതു്.

Sri. A. Thanu Pillai: Am I to understand that this Government will have to find another 20 or 25 lakhs of rupees in the course of the next few months on account of caustic soda plants?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതു എപ്പോൾ വേണ്ടിവരുമെന്നു പറയാൻനിവൃത്തിയില്ല. ഒരു പക്ഷെ പത്തിരുപതുലക്ഷംരൂപാകൂടി വേണ്ടിവരും. എന്നാൽ അതിൻെറ പ്രവർത്തനം വളരെ ആദായകരമായിരിക്കുമെന്നു കണക്കുകൂട്ടുകൊണ്ടുകാണുന്നു. മദ്രാസു ഗവൺമെണ്ടിൽ നിന്നുതന്നെ ഈ വ്യവസായത്തെ പ്രോൽസാഹിപ്പിക്കാമെന്നു് എഴുതിവന്നിട്ടുണ്ടു്.

Sri. A. Thanu Pillai: May I know whether Government have got any information as to why this company was not able to collect the shares equivalent to shares of the value of

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. Thanu Pillai]

about a crore of rupees which the Government took about a year ago? The Government had advanced a loan of about a crore of rupees. This could not be recovered and hence it had to be converted into share capital. Now, the company told the Government that they would collect an equal amount as shares from those other than the Government. On that basis, the Travancore Government took additional shares to the value of a crore of rupees. I wish to know whether Government have made any enquiry as to why this company was not able to collect shares of the value of 1 crore of rupees equivalent to the shares which Government took a second time?

ശ്രീ. എൻ. കുഞ്ഞുരാമൻ: മണിമാക്കറിലുണ്ടായ ചിലവ്യത്യാസം കൊണ്ടാണ് അതു കമ്പനിയെ ചെയ്യാൻ സാധിക്കാതെവന്നതു്.

Sri. P. Balakrishnan Tampi: May I ask the Hon'ble Minister whether this industry is proposed to be started with the knowledge of, or in concurrence with, the Government of India?

Sri. N. Kunjuraman: Certainly.

Sri. A. Thanu Pillai: Are the Government of India prepared to advance a loan?

Sri. N. Kunjuraman: The Madras Government are prepared to advance money.

Sri. K. Sivarama Pillai: Does the Government intend to pay this loan either today or tomorrow?

ശ്രീ. എൻ. കുഞ്ഞുരാമൻ: സാങ്ഷൻചെയ്യുകഴിഞ്ഞു വേണ്ട ഉറപ്പിന്മേൽ പണം കൊടുക്കും.

Sri. K. Sivarama Pillai: Is there any urgent necessity that it must be paid before tomorrow evening?

ശ്രീ. എൻ. കുഞ്ഞുരാമൻ: നാളെത്തന്നെ കൊടുക്കണമെന്നില്ല;

Sri. K. Sivarama Pillai: If not, does the Hon'ble Minister know that by tomorrow evening, this amount will lapse?

(No. reply)

ശ്രീ. പോൾ എ. തളിയത്തു: ഇതിന്റെ അസറ്റ്സു് ആൻഡ് ലയബിലിറ്റീസു് എന്തുണ്ടെന്നു ഗവണ്മെന്റു് അന്വേഷിക്കുമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതെല്ലാം അന്വേഷിച്ചു ഉറപ്പുണ്ടെങ്കിൽ മാത്രമെ കൊടുക്കുകയുള്ളൂ.

ശ്രീ. പോൾ എ. തളിയത്തു: ഇപ്പോൾ ആ കമ്പനിക്കു പ്രവർത്തനം നടത്താനുള്ള പണംപോലുമില്ലെന്നറിയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അറിഞ്ഞുകൂടാ.

ശ്രീ. വി. ഒ. മാക്കോസ്: ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസിനു ഇൻഡ്യാ ഗവണ്മെണ്ടിൽനിന്നും ലോൺ കൊടുത്തിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഉണ്ടു്.

ശ്രീ. വി. ഒ. മാക്കോസ്: ഈ കടമെല്ലാം ഉള്ളപ്പോൾ എന്തു ഉറപ്പിന്മേലാണു് കമ്പനിക്കു കടംകൊടുക്കുവാൻ ഗവണ്മെണ്ടു വിചാരിക്കുന്നതു്?

ശ്രീ. എൻ. കുഞ്ഞുരാമൻ: കമ്പനിയുടെ ആസ്തികളെപ്പറ്റി ശരിയായി അന്വേഷിച്ചു ഉറപ്പുണ്ടെന്നുകണ്ടാൽ മാത്രമെ പണം കടം കൊടുക്കുകയുള്ളൂ. മേട്ടൂർകെമിക്കൽസിന്റെ ആസ്തിയുംകൂടി ഇതിൽ വരുന്നുണ്ടു്. അതിന്റെകൂടി ഉറപ്പിന്മേലായിരിക്കും പണം കടം കൊടുക്കുന്നതു്. എതായാലും മതിയായ ഉറപ്പിന്മേലല്ലാതെ കൊടുക്കുകയില്ല.

ശ്രീ. വി. ഒ. മാക്കോസ്: ഈ പത്തുലക്ഷം രൂപയ്ക്കോ അല്ലെങ്കിൽ ഇനി എടുക്കാൻ പോകുന്ന ലുകയ്ക്കോ എത്രയുറപ്പായിരിക്കും വാങ്ങിക്കുന്നതു്?

ശ്രീ. എൻ. കുഞ്ഞുരാമൻ: സാധാരണ ഇതിനുമുൻപു എന്തു ഉറപ്പാണ വാങ്ങിക്കുക അതായിരിക്കും വാങ്ങിക്കുന്നതു്.

ശ്രീ. വി. ഒ. മാക്കോസ്: സാധാരണ ശരിയായ ഉറപ്പില്ലാതെയാണു് കൊടുത്തിരിക്കുന്നതെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കണ്ണരാമൻ: അതു അഭിപ്രായവ്യത്യാസമുള്ള ഒരു കാര്യമാണ്. ഇറ ച്ചില്ല എന്നു ചിലർ പറയും. ഗവണ്മെണ്ടു അതു പ്രോപ്പർ സെക്രട്ടറിയാണെ എന്നു മന സിലാക്കിയതിനുശേഷം മാത്രമെ കൊടുക്കുകയുള്ളു.

Mr. Speaker: By means of questions and answers, practically all the requisite information has been elicited. If Hon'ble Members wish to oppose the motion, that may be done.

Sri. A. Thanu Pillai: Sir, it is with great regret that I have to oppose this demand. I know, and every Hon'ble Member of this House knows, that so far as this company is concerned, it has not been able to give us any return thus far. That is admitted by the Hon'ble Minister. Sir, our investment in this company is about Rs. 2¼ crores. At first, it was Rs. 1¼ crores and an equal amount had been collected as share value from other quarters Ours was 51 per cent. Then the company was not in a position to work, and this Government advanced a loan of about a crore of rupees. That amount was with them for a considerable time. They were not able to repay, nor were they able to pay any interest. Then, this Government also helped them indirectly by seeing to it that the Travancore Bank advances them a loan of Rs. 25 or 30 lakhs. Now, I do not know whether the loan has been repaid or not. Anyway, Sir, they came to Government again with a proposal that the one crore loan should also be converted into shares and according to the agreement our share being 51 per cent and other shares being 49 per cent they said they would collect an almost equal amount from the others. Now I am told they have not been able to do that. So we have invested about 2¼ crores on that venture. The Hon'ble Minister tells us that the share capital accepted from Travancore Government is only over a crore or so. From that I infer that the company concerned have not been able to collect any share money after we converted our loan into shares. That is the position.

Sir, this concern was started with the object of producing manures. We had sunk large amounts and manure is a thing required not only in Travancore and Cochin but throughout India. We were bound to support this concern so far as its original objects were concerned. But this new proposal stands on a different footing. It was to produce ammonium sulphate and allied manures that this company was started; and we had to safeguard our interests. In order to do so we had to see that the concern functioned well. Even though they had not fared well we were bound to support it. Of course it has been stated by them that from next month onwards they will produce so much. Certainly a few months hence they may do so, when the Travancore Government may get a return also. Anyway it is engaged in the production of manure. There are considerations other than private attached to it. Even then it is doubtful whether a small State like this with limited resources should invest so much money in the production of manure when all the manure produced cannot be consumed within the State itself. Why should our money be lost in this way, is my question. It may be that places outside may be consuming it. That is a matter for consideration. Anyway the thing was started and we are bound to support it so far as our original objective is concerned.

The present proposal is that a further loan would help in the production of caustic soda. That should be considered on a different footing. The Hon'ble Minister's adequate assurance or sufficient basis for his hope that this will work on a sound footing will at least involve us in further losses and that being so I do not see any justification why public money should be further invested on this. Let us face facts. The Hon'ble Minister says that the investment required will be 60 lakhs. Sir, we know in almost every case of an industrial concern with which Travancore Government is concerned, the original estimate has exceeded by practically 1 cent per cent. I say that this estimate of 60 lakhs will eventually involve us in 1¼ crores. I may not be surprised at this. What is it that the Minister tells us. We must now advance 10 lakhs. He says that they have spent about 5 lakhs. It is difficult to accept that sum. Considering the financial position of that concern for my part I am not prepared to take it on the mere word of the Hon'ble Minister who is not directly concerned with the expenditure of the company. I understand this company has spent about 5 lakhs on the caustic soda plant. Whatever that be we may take it practically they have invested nothing; but we have now proposed to advance a loan of 10 lakhs. In other words, even when the idea is started, the company approaches this Government for a loan. The total cost incurred already according to the Minister's version is 60 lakhs. That amount must have swelled by now to 1 or 1¼ crores. Now we propose to give 10 lakhs. That is the position. For the development of the company in the coming years the rest of the money will have to be found by us. As in the case of this concern as well as certain other industrial concerns where our Government have invested moneys

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. Thanu Pillai]

we have found that unless we advanced more and still more amounts. the investment already made by us will completely end in loss. To save therefore our investment, whether it is good money or whatever it is, we had to spend more money. Such is our experience. Similarly the case of this company will be something like that. The Minister says that an advance of 10 lakhs has to be made; the rest of the money will have to be found by Madras and Travancore Governments. It will come to one half as far as our share goes; probably more in the case of Fertilisers and Chemicals. I understand Madras Government have invested comparatively smaller amount in this venture. While our investment is 2¼ crores they may have contributed something. About that we do not know much. Now we propose giving 10 lakhs and a further loan will have to be advanced later on if the proposal should fructify. Finally a situation will come when we will have to advance the whole amount in the shape of loan. So what I say is unless this Government find the entire amount required for the development of the concern, the company will not work. That in short is the state of affairs.

Then the Minister mentioned about the utility of the product as an aid to the Monazite factory. That again is only being planned by the authorities concerned. I learn that is to be run not by this Government alone but by the India Government and our Government. From the information supplied to us the Government of India is to hold nearly 60 per cent of the shares and the balance may be ours. Even supposing this is in aid of that industry, why not our Government approach the mighty Indian Government and procure the necessary money. That is what I want to ask of this Government. They are very much interested probably more in the processing of monazite than we. No doubt monazite is a substance found here and the Indian Government is interested in it. If the grant of 10 lakhs is really to help that industry then why not this Government approach the Centre and get a loan. 60 lakhs or a crore is nothing to them. In these hard times a crore is considerable so far as we are concerned. I am not satisfied that the Government are taking the right step in the line. From the statements of the Minister I should say that he is taking a leap in the dark. It may be that we have made mistakes in the past. No doubt they may be justified on some ground or other. With all the experience of the mistakes of the past what is the meaning of rushing again into an adventure of this kind, I fail to see. The loan is not going to stop with 10 lakhs. It may go up to a crore and unless we find the necessary moneys what we have already spent will be sheer loss. I do not want to say anything discreditable to this concern. Probably they are in straightened circumstances even in regard to the working of the factory. Anyway I do not want to dogmatize on that. But I am not satisfied that this is a wisely conceived idea and so I definitely oppose this supplementary grant.

Sri. K. Sivarama Pillai: Sir, I also oppose this supplementary grant. Apart from the merits or demerits I say that there is absolutely no necessity for a supplementary demand of the kind now brought forward by Government. The Hon'ble Minister in moving the demand has clearly stated that not a single pie has been given as loan till the financial year 1949-50 and the year closes by tomorrow. The Minister also said that he has no idea of giving the amount by tomorrow evening. So if this amount is not to be paid by tomorrow and if it is to lapse, I ask, where is the necessity for having a supplementary demand at this late hour. This demand could as well be brought in the year 1950-51 and a detailed discussion can be had. Now the Appropriation bill also has been passed by the House. Considering the circumstances in which such a demand has come about we suspect there is something suspicious in it and adds force to the arguments advanced by Mr. Thanu Pillai. Hence there is absolutely no necessity to pass this grant at this late hour.

ശ്രീ. വി. ഒ. മാർക്കോസ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഇവിടെ പറയുകയുണ്ടായി, ഈ പണം കൊടുക്കുന്നതു് 'ലീപ്പ് ഇൻ ദി ഡാർക്കു്' ആണെന്നു. എന്നാൽ എനിക്കു പറയുവാനുള്ളതു് ഈ ഗവൺമെണ്ടിനെ സംബന്ധിച്ചടത്തോളം 'ലീപ്പ് ഇൻ ദി ഡാർക്കു്' എന്നു പറയുന്നതു് ശരിയായിരിക്കുകയില്ല എന്നാണു. കാരണം ഈ കമ്പനിയുടെ പ്രവർത്തനം സംബന്ധിച്ചു് ഇന്നത്തെ ഗവൺമെണ്ടിനു് നല്ലവണ്ണം മനസ്സിലാക്കുന്നതിനിടയായിട്ടുണ്ടു്. കടം കൊടുക്കുന്ന പത്തുലക്ഷം രൂപാ മതിയായ സെക്യൂറിറ്റിയിൻമേൽ കൊടുക്കണമെന്നു മാത്രമാണു് എനിക്കു പറയുവാനുള്ളതു്. ഫെർട്ടിലൈസേഴ്സു് ആൻഡു് കെമിക്കൽസിന്റെ മൂലധനത്തെപ്പറ്റി ആലോചിക്കുമ്പോൾ ഈ കമ്പനിയുടെ മൂലധനത്തിൽ മൂന്നിൽ രണ്ടുഭാഗത്തിലധികവും ഇപ്പോൾതന്നെ ഗവൺമെണ്ടിന്റെ വകയാണു്. അതുകൊണ്ടു കടം കൊടുത്താലുംതന്നെ അതു് പ്രധാനമായി ഗവൺമെ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടിന്റെ ധനത്തിന്റെ സെക്യൂറിറ്റിയിലാണ് കൊടുക്കുന്നത് എന്നോക്കണം. ഒരു ശരിയായ ഉറപ്പുള്ള പ്രമാണത്തിന്മേലായിരിക്കണം തുക കൊടുക്കേണ്ടത് എന്നുമാത്രമാണ് എനിക്ക പറയുവാനുള്ളത്. ഫൊർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസിനെ സംബന്ധിച്ചിടത്തോളം ആകെയുള്ള മൂലധനം അയ മുന്നു കോടി രിഷ്ടം രൂപയിൽ രണ്ടു കോടിയിലധികം ഈ ഗവണ്മെണ്ടിന്റെ വകയാണ്. ബാക്കിമാത്രമാണ് പറ്റു ഷെയർ ആയിട്ടുള്ളത്. ഈ കമ്പനിയുടെ പ്രവത്തനം സംബന്ധിച്ച് ഈ രാജ്യത്തെ ജനങ്ങൾക്ക് വളരെ സംശയത്തിനു വകയായിട്ടുണ്ട്. അതിലെ ഭരണ സംപ്രദായത്തെയും അവിടത്തെ പ്രവർത്തനങ്ങളേയുംപറ്റി വളരെ വിമർശനങ്ങൾ ഈ രാജ്യത്തുണ്ടായിട്ടുള്ളതാണ്. ഗവണ്മെണ്ട് വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി ഷെയറുകളായിട്ടും കടമായിട്ടും പണം കൊടുക്കുന്നത് ആ വ്യവസായങ്ങൾ ഈ രാജ്യത്തിനു പ്രയോജനകരമാണെങ്കിൽ മാത്രമെ പാടുള്ളു. ഈ കമ്പനി നടത്തുന്ന വ്യവസായത്തെ നോക്കുമ്പോൾ കമ്പനിക്ക ഗവൺമെൻറ് പ്രോത്സാഹനങ്ങളും ആനുകൂല്യവും നൽകേണ്ടതുതന്നെയാണ്. കാസ്റ്റിക്സോഡാ പ്ലാൻറിനെപ്പറ്റി എനിക്ക പറയുവാനുള്ളത്, അതു വളരെ ആവശ്യമാണെന്നാണ്. മോണോസൈറ്റ് ഫാക്ടറി മുതലായ ബേസിക് ഇൻഡസ്ട്രിസിനെ സഹായിക്കുന്നതിന് ഈ കാസ്റ്റിക്സോഡാപ്ലാൻറ് വളരെ പ്രയോജനകരമായിരിക്കും. മോണോസൈറ്റ് ഫാക്ടറി തുടങ്ങിയതിനുശേഷമുള്ള ആലോചനയല്ലാ ഇത്. അതിനു മുമ്പുതന്നെ കാസ്റ്റിക്സോഡാപ്ലാൻറ് ഉണ്ടാക്കുവാൻ ആലോചന ഉണ്ടായിരുന്നു. മേട്ടർ കെമിക്കൽസുമായി പങ്കായിട്ട നടത്തണമെന്നായിരുന്നു ആദ്യം ഉദ്ദേശിച്ചിരുന്നത്.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: സബ്സിഡിയറിയായി ഈ വ്യവസായം നടത്തണമെന്നു മുമ്പേ പറഞ്ഞതിട്ടില്ലേ?

ശ്രീ. വി. ഒ. മാർക്കോസ്: ഉണ്ടായിരിക്കാം. എനിക്ക പറയുവാനുള്ളത് മേട്ടർ കെമിക്കൽസുമായി പങ്കായി നടത്താനാണ് ഉദ്ദേശമെങ്കിൽ പണം കൊടുക്കുന്നതു നല്ലവണ്ണം ആലോചിച്ചുവേണമെന്നാണ്. കമ്പനി നിയമപ്രകാരം, കമ്പനിയുടെ മെമ്മോറാണ്ടം ഓഫ് അസോസ്യേഷനിൽ വിവരിക്കുന്ന ഉദ്ദേശങ്ങളല്ലാതെ പ്രവത്തിക്കുവാൻ പാടില്ല. ഫൊട്ടിലൈസേഴ്സിന്റെ മെമ്മൊറാണ്ടത്തിൽ മറ്റു കമ്പനികളുമായി പങ്കുചേർന്നു വ്യവസായം നടത്തുന്നതിനു അധികാരമുണ്ടോ എന്നു തോന്നുന്നില്ല. അതുകൊണ്ടു പങ്കായിനടത്തുന്നതാണെങ്കിൽ അതിനു നിയമസാധുതവരുത്തുണ്ടായിരിക്കുമോ എന്നും അതിലേക്ക പണം കൊടുക്കുന്നതു ബുദ്ധിയായിരിക്കുമോ എന്നും സംശയമാണ്. ഈ കമ്പനിയെ സംബന്ധിച്ചു നടന്ന ചോദ്യോത്തരങ്ങളിൽ ഇവിടെ പറയുകയുണ്ടായി മേട്ടർ കെമിക്കൽസിന്റെ അവകാശം ഒഴിച്ചുണ കോസ്റ്റിക്ക് സോഡാപ്ലാൻറ് നടത്തുവാൻ പോകുന്നതെന്നു പിന്നീട പറയുകയുണ്ടായി മേട്ടർ കെമിക്കൽസിന്റെ ആസ്തിക്കുടെ ഈ കടത്തിനു ബാധ്യതയായിരിക്കുമെന്നു. ഈ രണ്ടും കൂടെ സാദ്ധ്യമാകയില്ല. എതായാലും മേട്ടർ കെമിക്കൽസിനെ കോസ്റ്റിക്ക സോഡാപ്ലാൻറിൽനിന്നു ഒഴിക്കുന്നു എന്നു വ്യക്തമായി പറയുകയുണ്ടായി.

അങ്ങനെയാണെങ്കിൽ അവരുടെ ആസ്തി ഈ കടത്തിനു ജാമ്യമായി കൊടുക്കുന്നതിനു സാദ്ധ്യമല്ലെന്നുള്ളതിനു യാതൊരു സംശയവുമില്ല. ശേഷമായി ബ്രദേഴ്സ് അതിന്റെ മാനേജിംഗ് എജൻറാണെങ്കിലും മേട്ടർ കെമിക്കൽസ് ഒരു പ്രത്യേക കമ്പനിയാണ്. അതുകൊണ്ടു ആ കമ്പനിയുടെ ആസ്തിയെ ബാധ്യപ്പെടുത്തുന്നതിനു മാനേജിംഗ് എജൻറിനു തനിച്ചു അധികാരമില്ല. അതു കമ്പനി നിയമം സംബന്ധിച്ചു അറിവുള്ള ആർക്കും തന്നെ മനസിലാക്കാവുന്നതാണ്. ശരിയായ വ്യവസായങ്ങൾ നടത്തുന്ന കമ്പനികളെ വേണ്ടിവന്നാൽ ഗവണ്മെണ്ട് പണം കടം കൊടുത്തുപോലും പ്രോത്സാഹിപ്പിക്കേണ്ടതു അത്യാവശ്യമാണ്. എന്നാൽ അതിലേക്ക് ശരിയായ ഉറപ്പുവാങ്ങേണ്ടതും അത്യന്താപേക്ഷിതമാണ്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. താണുപിള്ള ചോദിക്കുകയുണ്ടായി എന്തുകൊണ്ടാണ് ഗവണ്മെണ്ട് ഒരു കോടി രൂപയുടെ ഷെയർ എടുത്തപ്പോൾ മുൻ വ്യവസ്ഥയനുസരിച്ചു അതുയും രൂപായുടെ ഷെയർ വേറെവിറ്റു മൂലധനമുണ്ടാക്കാഞ്ഞതെന്നു. അതു ഇന്നത്തെ ഗവണ്മെണ്ടിന്റെകുറ്റമല്ല. കമ്പനി എതു ഷെയർ ഇഷ്യു ചെയ്യുന്നുവോ അതിന്റെ പകുതി ഗവണ്മെൻറ് എടുക്കാമെന്നായിരുന്നു മുമ്പിലത്തെ കരാർ. അതായതു കമ്പനി രണ്ടു കോടി രൂപയുടെ ഷെയർ ഇഷ്യുചെയ്താൽ ഗവണ്മെണ്ട് ഒരു കോടി രൂപയുടെ ഷെയർ എടു

LIBRARY ARCHIVES Kerala Legislative Assembly

[Sri. V. O. Markos]

ക്കണമെന്നായിരുന്നു. മറ്റെ പകുതിഷെയറും സബ്സ്ക്രൈബ് ചെയ്യാമെന്നു ഗവണ്മെന്റു ഏൽക്കുന്ന വ്യവസ്ഥയായിരുന്നു. ഇപ്പോൾ അതുപോലെയുള്ള ഏർപ്പാടുകൾ സംബന്ധിച്ച് ഈ ഗവണ്മെന്റു് ചെയ്തിട്ടുള്ളതു് കുറച്ചു ബുദ്ധിയോടുകൂടിയാണെന്നാണു് ഞാൻ മനസിലാക്കിയിട്ടുള്ളതു്. എതെങ്കിലും ഒരു കമ്പനിയിൽ അങ്ങിനെ ഷെയർ എടുക്കുകയാണെങ്കിൽ ബാക്കി ഷെയറുകൾ അന്യരെക്കൊണ്ടു് എടുപ്പിക്കാനോ അല്ലെങ്കിൽ എടുപ്പിക്കുന്നതിലേക്ക് സാധിക്കുമെന്നോ അറിഞ്ഞതിനുശേഷമാണു് ഗവണ്മെന്റു് ഷെയർ എടുത്തിട്ടുള്ളതെന്നാണു് ഞാനറിയുന്നതു്. ആ വിധത്തിലുള്ള വ്യവസ്ഥ മുൻപു ഇല്ലാതിരുന്നതുകൊണ്ടാണു് മറ്റവിധത്തിൽ ഒരു കോടിരൂപയുടെ ഷെയർ വിൽക്കുന്നതിനു് ഫെർട്ടിലൈസേഴ്സ് ബാദ്ധ്യസ്ഥരാകാതെവന്നതു്. ഗവണ്മെന്റു് ഏർപ്പെട്ടിരുന്ന കരാറിന്റെ പോരായ്മകൊണ്ടാണു് മറ്റവിധത്തിൽ ഷെയറുകൾ ഉണ്ടാകാതെതന്നെ ഫെർട്ടിലൈസേഴ്സിൽ ഒരു കോടിരൂപയുടെ ഷെയർ എടുക്കേണ്ടിവന്നതു്. കമ്പനികൾക്കു് ഗവണ്മെന്റിൽ നിന്നും കടം കൊടുക്കുന്ന കാര്യത്തിൽ സർ, എനിക്കു ഒന്നു പ്രത്യേകമായി പറയേണ്ടതുണ്ടു്. കമ്പനിയുടെ സ്വത്തിനെ നിവൃത്തിയുള്ളിടത്തോളം പണബാദ്ധ്യതപ്പെടുത്തിയതിന്മേൽ കടം കൊടുക്കുന്നതാണു് നല്ലതു്. പ്രത്യേകിച്ചും ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസിനെ സംബന്ധിച്ചു പറയുന്ന പക്ഷം ആ കമ്പനിയുടെ നടത്തിപ്പിൽ വളരെയധികം ഗവണ്മെന്റിനു് കൈ ഉണ്ടായിരിക്കേണ്ടതു് ആവശ്യമാണു്. അതു പോലെതന്നെ ഗവണ്മെന്റു ഷെയറുകൾക്ക എടുത്തിട്ടുള്ള മറ്റു കമ്പനികളുടെ നടത്തിപ്പിലും ഗവണ്മെന്റിന്റെ ഡയറക്ടന്മാർ വേണ്ട ഇൻഫ്ലുവൻസ് ചെലുത്തുകയോ വിവേചനാപൂർവ്വമായ താല്പര്യം പ്രകടിപ്പിക്കുകയോ ചെയ്തിട്ടില്ല എന്നാണു എന്റെ അറിവു്. അതു പരിതാപകരമാണു. ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് പ്രയോജനമുള്ള ഒരു വ്യവസായമാണു്. ഈ കാര്യത്തു നടത്തുന്നതു് എന്നിരുന്നാലും അതിനു് കൂടുതൽ പണം കൊടുക്കുന്നതിനു മുമ്പായിട്ടു് ശരിയായ ഉറപ്പുവാങ്ങിക്കണമെന്നും ആ കമ്പനിയുടെ ഭരണം സംബന്ധിച്ചു് ഗവണ്മെന്റു് വളരെ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്നും അനുസ്മരിപ്പിച്ചുകൊണ്ടു് ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു.

ശ്രീ. എൻ. കുഞ്ഞുരാമൻ: സർ, എനിക്കു് ഇതിനു മറുപടിയായിവളരെ കുറച്ചുമാത്രമേ പറയാനുള്ളു. കമ്പനിയുടെ ഭരണം സംബന്ധിച്ചു് പ്രത്യേകമായി ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല. ഫെർട്ടിലൈസേഷ്സു് ആൻറ് കെമിക്കൽസുപോലെയുള്ള ഒരു വലിയ കമ്പനി സ്റ്റാർട്ട ചെയ്യുശേഷം ഡിവിഡൻറു് കൊടുത്തില്ലെന്നുള്ളതു് ശരിയായിരിക്കാമെങ്കിലും അതുകൊണ്ടു മാത്രം ആ കമ്പനിയുടെ പ്രവർത്തനം വിജയകരമല്ല എന്നു് തീരുമാനിക്കുന്നതു് ശരിയായിരിക്കയില്ല. അതു് ക്ഷമകേടല്ലേ എന്നുഞാൻ ചോദിയ്ക്കുന്നു. അതിന്റെ സാദ്ധ്യതകളെപ്പറ്റി ഗവണ്മെന്റു് അനേഷിക്കുന്നുണ്ടു്. ഏറ്റവും ഉപകാരപ്രദമായ ഒരു ഇൻഡസ്ട്രിയാണതു്. ആ കമ്പനിയോടുള്ള മമതകൊണ്ടോ അല്ലെങ്കിൽ എതെങ്കിലും വിധത്തിൽ സഹായിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയോ അല്ല ഈ കാസ്റ്റിക് സോഡാ പ്ലാൻറു് അവിടെ സ്ഥാപിക്കണമെന്നു വിചാരിച്ചതു്. ആ കമ്പനിയിൽ സ്ഥാപിക്കുന്നതായാൽ പല തരത്തിലുള്ള ലാഭവും വ്യയക്കുറവും ഉണ്ടായിരിക്കുമെന്നാണു് വിചാരിച്ചതു്.

സാഹിബു് ബഹദൂർ കെ. എ. മഹമ്മദു്: വ്യയക്കുറവും ലാഭവും അവിടെ സ്ഥാപിച്ചാൽ ഉണ്ടാകുമെന്നു് ആരാണു് ഉപദേശിച്ചതു്.

ശ്രീ. എൻ. കുഞ്ഞുരാമൻ: അതു ഞാൻ പറയാം. ഈ കാസ്റ്റിക്സോഡ പ്ലാൻറു് വേറെ ഏതിടയെങ്കിലും സ്ഥാപിക്കണമെങ്കിൽ ഒരു നൂറിരുപതു ലക്ഷത്തോളം രൂപ വേണ്ടിവരുമെന്നാണു് ഗവണ്മെന്റിന്റെ അറിവു്. ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസിൽ അമോണിയയും മറ്റും ഉള്ളതുകൊണ്ടു് അതിനോടനുബന്ധിച്ചു തുടങ്ങുന്നതു് ചെലവു കുറയുമെന്നു് വിചാരിച്ചാണു് അവിടെ ഈ പ്ലാൻറു് സ്ഥാപിക്കാൻ തീരുമാനിച്ചതു്. തക്കതായ ഉറപ്പുമുലമാണു് പണം കൊടുക്കുന്നതെന്നു് ഞാൻ ആദ്യമേ പറഞ്ഞുകഴിഞ്ഞു. എന്റെ മാന്യസ്നേഹിതൻ ശ്രീമാൻ മക്കോസു് അവർകൾ എന്നെ കമ്പനി സംബന്ധമായ ചില കാര്യങ്ങൾ അനുസ്മരിപ്പിച്ചതു് വളരെ നന്നായി. എന്നാൽ ഒരു കാര്യം ഞാൻ പറഞ്ഞുകൊള്ളുന്നു. ഏതൊരു കമ്പനിക്കായാലും മതിയായ ഉറപ്പുണ്ടോ എന്നു് പരിശോധിച്ച ശേഷമേ പണം കൊടുക്കയുള്ളു. ശ്രീ. ശിവരാമപിള്ള പറ

LIBRARY ARCHIVES Kerala Legislative Assembly

യുക്തയുണ്ടായി നാളെ കൊടുത്തില്ലെങ്കിൽ പണം ലാപ്സായിപ്പോകുമെന്ന്. ലാപ്സായിപ്പോയാലും അതുകൊണ്ട് നഷ്ടമൊന്നും ഉണ്ടാകാൻപോകുന്നില്ല. ആ നിലയിൽ സപ്ലിമെന്ററി ഗ്രാന്റ് പാസാക്കിത്തരണമെന്നാണ് ഞാൻ അപേക്ഷിക്കുന്നത്.

ശ്രീ. എ. താണുപിള്ള: ഇന്നത്തെ ഗവൺമെന്റിന്റെ ധനസ്ഥിതിവച്ചു എങ്ങിനെയാണ് ഫൈനാൻസ് ചെയ്യുന്നത്?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഗവൺമെന്റിന് പല ഇനത്തിലും പണം ഉണ്ട്.

Mr. Speaker: The question is that a sum of Rs. 10 lakhs be granted under Debt Head IV—Loans (a) Loan to Fertilisers and Chemicals.

The demand was passed and the grant was made.

Sri. E. John Philipose: I am not moving the next demand *i. e.*, item No. 14 in the list. Debt Head advances III C—Advance for purchase of manure—(XXI) Agriculture.

XXXII—Anchal

Sri. E. John Philipose : I move that a supplementary grant of Rs. 8,720 be granted under Demand XXXII—Anchal—Working expenses. This is in respect of working expenses to the Anchal Offices for the purchase, and repair of certain furniture. This also is a case of adjustment of accounts.Rs. 8720 is the amount required for the purpose.

Sri. N. Kunjuraman : I second it.

Mr Speaker: The question is: "that a sum of Rs. 8,720 be granted under XXXII—Anchal—Working expenses (c) Anchal Offices—Purchase and repair of furniture."

The demand was passed and the grant wae made.

STATEMENT ON APPROPRIATION BILL

Mr. Speaker: The Minister for Finance will now explain the position in regard to the question raised by the Mr. A Thanu Pillai whether an Appropriation Bill is not necessary in respect of Supplementary Grants.

ശ്രീ. എ. ജെ. ജോൺ: ഈ സപ്ലിമെന്ററി ഗ്രാന്റിനു മേൽ അപ്രാപ്തിയെൻസ് ബിൽ അവതരിപ്പിക്കേണ്ട ആവശ്യമില്ലേ എന്നൊരു ചോദ്യം ബഹുമാനപ്പെട്ട മെമ്പർ ശ്രീ. താണുപിള്ള ഉന്നയിക്കുകയുണ്ടായി. അതുസംബന്ധിച്ച് ഈ അപ്രാപ്തിയെൻസ് ബിൽ അവതരിപ്പിക്കേണ്ട ആവശ്യമില്ല. പ്രസിഡന്റ് ഓഫ് ഇൻഡ്യാ അങ്ങനെയൊരു ഓർഡർ ഇഷ്യു ചെയ്തിട്ടുണ്ട്. ഡിസംബർ ഫെബ്രുവരി ഫിഫ്ത് തീയതിയാണ് അതു ഇഷ്യു ചെയ്യുന്നത് അതിൽ ക്ലാസ് നു ഇങ്ങനെയാണ്

"After Article 390, the following Article shall be inserted namely—

1—(3) If in respect of the State financial year expenditure from the revenues of a State specified in Part B, the First Schedule becomes necessary over and above the expenditure theretofore authorised for that year, the Raj Pramukh of the State shall authorise such expenditure in accordance with the rules in force immediately before the announcement of this Constitution governing the authorisation of such expenditure from the revenues of the corresponding Indian State subject to necessary modifications."

Sri. A Thanu Pillai: It is not that I really felt it necessary. But I wanted to bring to the notice of the House that the procedure for these demands is not the procedure prescribed here. That is made clear by Article 390. Even without another provision by the President, I think that Article 390 makes it clear.

Sri. K. Sivarama Pillai: One complication has been created, Sir. About 17 lakhs of rupees has been asked as supplementary grant. When asked whether that amount is included for 1124 Revised Estimate, the answer is "No." Then that amount is to be paid from the Consolidated Fund for 1950—51. We calculated only the cash balance. That amount does not include any of the supplementary demands now passed. With that we calculate the Consolidated Fund of Travancore for 1950—51. These demands ought to be met out of that.

Mr. Speaker: I thought that matter has been closed. Article 390 is clear on the point. We will now pass on to the next item in the agenda. According to the agenda, we have to take up Legislative Business after an interval of half an hour, in the evening. You may avail of the interval even now or some time later. I would like to know the sense of the House ?

LIBRARY ARCHIVES Kerala Legislative Assembly